"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

സെൻട്രൽ പ്രിസൺ &
കറക്ഷണൽ ഹോം
പൂജപ്പുര,തിരുവനന്തപുരം-12
:0471-2342138
:cp.tvpm.prisons@kerala.gov.in
തീയതി : 02-05-2024

നം:CP-1(DS-G1)-1257/2024/CPTvm

## ക്വട്ടേഷൻ നോട്ടീസ്

വിഷയം :- തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം :- 2024-25 സാമ്പത്തിക വർഷം ജയിലിനുള്ളിലെ LPG സംവിധാനം വാർഷിക അറ്റകുറ്റപണികൾ ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന :- ജയിൽ ആസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 02.05.2024 തീയതിയിലെ P3-11141/2024/PrHQ എന്ന നമ്പർ കത്ത്.

**തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസികൾക്ക് ഭക്ഷണം പാചകം ചെയ്തു നൽകുന്നതിനായി മുഴുവൻ സമയം പ്രവർത്തിച്ചു വരുന്ന ജനറൽ കിച്ചന്റെ ഭാഗമായ പഴയ പാചകപ്പുര അറ്റകുറ്റപണികൾ നടത്തി നവീകരിച്ചിട്ടുള്ളതാണ്. ടി നവീകരണപ്രവർത്തികൾ മൂലവും നിരന്തരഉപയോഗത്തിന്റെ ഭാഗമായും പാചകപ്പുരയിലെ LPG പൈപ്പ് ലൈനുകളും ബർണറുകളും ഉൾപ്പെടുന്ന LPG പൈപ്പിങ് സംവിധാനത്തിന്റെ അറ്റകുറ്റപ്പണികളും വാർഷിക പരിപാലനവും നടത്തുന്നതിനു തയ്യാറുള്ള വ്യക്തികൾ, അംഗീകൃത ഏജൻസി/ സ്ഥാപനങ്ങളിലും നിന്നും മത്സര സ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.**

**ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 15/05/2024 (ബുധനാഴ്ച)ന് വൈകിട്ട് മൂന്ന് മണി വരെയാണ്. അന്നേ ദിവസം നാലു മണിക്ക് ക്വട്ടേഷൻ ഉറന്നു പരിശോധിക്കുന്നതും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷൻ ബഹു.ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് അവർകളുടെ അംഗീകാരത്തിന് വിധേയമായി ക്വട്ടേഷൻ സ്ഥിരപ്പെടുത്തി അറ്റകുറ്റപ്പണി നടത്തുന്നതിന് അനുമതി നൽകുന്നതാണ് .**

**ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന് മുകളിൽ "LPG സംവിധാനം വാർഷിക അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ തീയതി മാറ്റുവാനോ തൃപ്തികരമായ തുകയല്ല രേഖപെടുത്തിയിരിക്കുന്നതെങ്കിൽ ക്വട്ടേഷനുകൾ നിരസിക്കുവാനുള്ള അധികാരം തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. ഇത് സംബന്ധമായ കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ തിരുവനന്തപുരം സെൻട്രൽ ജയിൽ സൂപ്രണ്ട് ഓഫീസിൽ നിന്നും ലഭ്യമാകുന്നതും അറ്റകുറ്റപ്പണി നടത്തേണ്ട പാചകപ്പുര നേരിൽക്കണ്ട് പരിശോധിക്കാവുന്നതുമാണ്.**

**സത്യരാജ് ഡി**

**സൂപ്രണ്ട്**

പകർപ്പ് : 1) ജയിൽ ആസ്ഥാന കാര്യാലയം,തിരുവനന്തപുരം
2) നോട്ടീസ് ബോർഡ്, സെൻട്രൽ പ്രിസൺ, തിരുവനന്തപുരം

CP-1(DS-G1)-1257/2024/CPTvm

2d65be

CUSTODY • CORRECTION
REFORMATION • REHABILITATION

CP-1(DS-G1)-1257/2024/CPTvm
2d65be